"ഭരണഭാഷ — മാതൃഭാഷ"

നമ്പർ.സി.2/26794/റ്റി.സി./2015

**ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,**


രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]


തീയ്യതി,07.06.2016.

## സർക്കുലർ നമ്പർ. 18/2016

വിഷയം :- **മോട്ടോർ വാഹന വകുപ്പ്**— സ്മാർട്ട് എൻഫോഴ്സ്മെന്റ് ആപ്ലിക്കേഷൻ നടപ്പാക്കുന്നത് — സംബന്ധിച്ച്.

സൂചന :- ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ(എൻഫോഴ്സ്മെന്റ്)-ന്റെ 14.12.2015-ലെ കുറിപ്പ്

മോട്ടോർ വാഹന വകുപ്പിൽ വാഹന പരിശോധനകൾ ആധുനിക വൽക്കരിക്കുന്നതിന്റെ ഭാഗമായി സ്മാർട്ട് എൻഫോഴ്സ്മെന്റ് ആപ്ലിക്കേഷൻ ഉപയോഗിക്കുന്നത് സംബന്ധിച്ച് മാർഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1. | സ്മാർട്ട് എൻഫോഴ്സ്മെന്റ് ആപ്ലിക്കേഷൻ എല്ലാ ഓഫീസുകളിലും എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥരുടെ സിസ്റ്റത്തിൽ ഇൻസ്റ്റാൾ ചെയ്യേണ്ടതാണ്. |
| 2. | സ്മാർട്ട് ആപ്ലിക്കേഷൻ വഴിയുള്ള പ്രിന്റുകൾ എടുക്കുന്നതിലേയ്ക്കായി കഴിയുന്നതും കളർ പ്രിന്ററുകൾ ഉപയോഗിക്കണം. കളർ പ്രിന്ററുകൾ ലഭ്യമല്ലാത്ത ഓഫീസുകളും, അധികമായി പ്രിന്ററുകൾ ആവശ്യമുള്ള ഓഫീസുകൾക്കും പ്രിന്ററുകൾ ലഭ്യമാക്കേണ്ട ചുമതല അതാത് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കായിരിക്കും. ഇതിനായി ആവശ്യമായ ഫണ്ട് ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകളിൽ നിന്നും ലഭ്യമാക്കാവുന്നതാണ്. |
| 3. | എല്ലാ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥരും തങ്ങൾക്ക് നൽകിയിട്ടുള്ള ക്യാമറകൾ ഉപയോഗിച്ച് ദിനംപ്രതി, എൻഫോഴ്സ്മെന്റ് സ്ക്വാഡിലുള്ള ഉദ്യോഗസ്ഥർ 50 കേസുകളും, മറ്റുള്ളവർ 25 കേസുകളും എന്ന ക്രമത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. |
| 4. | ലഭ്യമായ ഫോട്ടോകൾ ഉപയോഗിച്ച് പ്രിന്റ് തയ്യാറാക്കി, പിഴ അടയ്ക്കുവാനുള്ള നിർദ്ദേശം തപാൽ മുഖാന്തിരം അയയ്ക്കുന്നതിനായി ബന്ധപ്പെട്ട ഓഫീസിലെ ഒരു ടൈപ്പിസ്റ്റിനെ ചുമതലപ്പെടുത്തേണ്ടതാണ്. |
| 5. | പിഴ ഒടുക്കുന്നതിലേയ്ക്കായി ഒരു പ്രത്യേക ദിവസം നിശ്ചയിക്കേണ്ടതും ആയതിന് പ്രത്യേക കൗണ്ടർ ഏർപ്പെടുത്തേണ്ടതുമാണ്. ബുധനാഴ്ചകളിൽ ഈ സൗകര്യം ഏർപ്പെടുത്തുന്നത് ഉചിതമായിരിക്കും. ബുധനാഴ്ച ഒഴിവു ദിവസമാണെങ്കിൽ ടി. സൗകര്യം തൊട്ടടുത്ത ശനിയാഴ്ചയിലേയ്ക്ക് ക്രമീകരിക്കേണ്ടതാണ്. ഈ വിവരം അതാതു റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ/ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ ഓഫീസിൽ എഴുതി പ്രദർശിപ്പിക്കേണ്ടതും, പത്ര മാധ്യമങ്ങൾ വഴി പ്രസിദ്ധീകരിക്കേണ്ടതുമാണ്. |

| | |
|---|---|
| 6. | പിഴയടയ്ക്കാനുള്ള നിർദ്ദേശം ലംഘിയ്ക്കുന്നവർക്കെതിരെ തുടർ നടപടികൾ സ്വീകരിയ്ക്കേണ്ടതും, ആയതിലേയ്ക്കായി മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡുകളുടെ സേവനം ഉപയോഗപ്പെടുത്താവുന്നതുമാണ്. ത്രൈമാസ കാലയളവിൽ അദാലത്ത് നടത്തിയും തീർപ്പ് കൽപ്പിയ്ക്കാവുന്നതാണ്. |
| 7. | ഈ സംവിധാനം വഴി തയ്യാറാക്കുന്ന റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ, ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള മാതൃകയിൽ, (Annexure II) തൊട്ടടുത്ത മാസം 5-)0 തീയതിയ്ക്ക് മുമ്പായി ബന്ധപ്പെട്ട എൻഫോഴ്സ്മെന്റ് ആർ.ടി. ഒ.മാർക്ക് സമർപ്പിയ്ക്കേണ്ടതും, എൻഫോഴ്സ്മെന്റ് ആർ.ടി. ഒ.മാർ ആയത് ക്രോഡീകരിച്ച് തങ്ങളുടെ അഭിപ്രായ സഹിതം 10-)0തീയതിയ്ക്ക് മുമ്പായി (Annexure I) ൽ ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ(എൻഫോഴ്സ്മെന്റ്) -ന്റെ പേരുവച്ച കവറിൽ അയയ്ക്കേണ്ടതാണ്. |
| 8. | പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥരെ വിലയിരുത്തേണ്ടതും, മാതൃകാപരമായി പ്രവർത്തിച്ചവരെ മേഖലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരുടെ കോൺഫറൻസിൽ വെച്ച് അനുമോദിയ്ക്കുന്നത് ഉചിതമായിരിയ്ക്കും. തൃപ്തികരമല്ലാത്ത പ്രവർത്തനം കാഴ്ച്ചവയ്ക്കുന്നവരെ താക്കീതു ചെയ്യുകയും ഇവരുടെ പ്രവർത്തനം വരും മാസങ്ങളിൽ പ്രത്യേകം നിരീക്ഷിയ്ക്കേണ്ടതുമാണ്. |
| 9. | എല്ലാ മാസത്തിലുള്ള മേഖലാ കോൺഫറൻസുകളിലും ഈ സംവിധാനം വിലയിരുത്തേണ്ടതും, മികവിനായി ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്. |
| 10. | ഈ സംവിധാനം വിജയകരമായി നടപ്പിലാക്കുന്നതിനുള്ള ഉത്തരവാദിത്വം മേഖലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരിൽ നിക്ഷിപ്തമായിരിയ്ക്കും. |

(ഒപ്പ്)

ട്രാൻസ്പോർട്ട് കമ്മീഷണർ,

പ്രേഷകൻ,

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും/റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും/ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും.

പകർപ്പ്:-

ട്രാൻസ്പോർട്ട് കമ്മീഷണർ/ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ/സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ/സീനിയർ ലാ ഓഫീസർ/സീനിയർ ഫിനാൻസ് ഓഫീസർ/ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്നിവരുടെ സി.എ.മാർ.

അംഗീകാരത്തോടെ,

ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ & സെക്രട്ടറി, എസ്.റ്റി.എ.

## Annexure-I

### Consolidated Statement showing the offence detected and compounding fee collected by Third eye Enforcement System

| Sl.No. | Name of Office | Number of Check Reports | Number of offence | Amount collected | Remarks |
|---|---|---|---|---|---|
| | | | | | |
| Review & Remarks of RTO Enforcement | | | | | |

## Annexure-II

***Statement showing the offence detected and compounding fee collected through Third eye Enforcement System by Sri . . . . . . . . . . . . . . . . . . . . (Name).. . . . . . . . . . . . . . . . . .(Designation) for the month of . . . . . . . . . . . . .***

| Sl.No. | Details of offence | Total No. of offence | Amount collected | Action taken & Remarks |
|---|---|---|---|---|
| 1 | Un-authorised parking | | | |
| 2 | Riding Two Wheeler without Helmet | | | |
| 3 | Un-authorised Number Plate | | | |
| 4 | Exhibition of Boards | | | |
| 5 | Fitment of Top Light | | | |
| 6 | Driving without Seat Belt | | | |
| 7 | Driving with Mobile Phone | | | |

ജെ.എസ്.